# വചനസുമം



വാല്യം 12 ✵ സെപ്തംബർ 2014 ✵ ലക്കം 8

# പ്രസംഗം തയ്യാറാക്കിയവർ

**സെപ്തംബർ 7 : തേജസ്ക്കരണത്തിനുശേഷം അഞ്ചാം ഞായർ**

ബ്രദർ എബിൻ തോമസ് പണിക്കർ ഒ.ഐ.സി.

**സെപ്തംബർ 14 : സ്ലീബാപ്പെരുന്നാൾ**

ബ്രദർ ബഞ്ചമിൻ വാഴയിൽ ഒ.ഐ.സി.

**സെപ്തംബർ 20: പുനരൈക്യ ദിനം**

ബ്രദർ മനു വർഗ്ഗീസ് ഒ.ഐ.സി.

**സെപ്തംബർ 21 : സ്ലീബായ്ക്കുശേഷം ഒന്നാം ഞായർ**

ബ്രദർ സിറിൽ മൈക്കിൾ ഒ.ഐ.സി.

**സെപ്തംബർ 28 : സ്ലീബായ്ക്കുശേഷം രണ്ടാം ഞായർ**

ബ്രദർ മെൽവിൻ മാത്യു ഒ.ഐ.സി.



Printed : At Bethany Offset Printers, Kottayam
Published : By **Bethany Vedavinjana Peeth, Pune**
E-mail:bethanyktm@gmail.com
(For Private Circulation)

# 2014 സെപ്തംബർ 7
# തേജസ്കരണത്തിനുശേഷം 5-ാം ഞായർ

ലൂക്കാ.18:1-8; നിയമ. 9:25-29; 1 സാമു. 12:16-25; ഏശ. 40:1-11; യാക്കോ. 1:2-8; ഹെബ്രാ. 13:1-6; ലൂക്കാ. 18:18-30.

ബ്രദർ എബിൻ തോമസ് പണിക്കർ ഒ.ഐ.സി.

## ആമുഖം

ക്രിസ്തുവിന്റെ മഹിമയേറിയ രൂപാന്തരീകരണം ക്രിസ്തുശിഷ്യർക്കും സഭയ്ക്കു മുഴുവനുംതന്നെ തുറന്നു തരുന്നതു പ്രത്യാശയുടെ വലിയൊരു വാതിലാണ്. ആയിരിക്കുന്നതും എന്നാൽ വരുവാനിരിക്കുന്നതുമായ ആ കാലത്തെ പ്രതീകാത്മകമായി ഓർക്കുകയും ആചരിക്കുകയും ചെയ്യുന്ന കാലമാണു തേജസ്കരണക്കാലം. ഈ കാലയളവിൽ സഭാമാതാവ് നമ്മുടെ ചിന്തയ്ക്കു നല്കുന്ന വിഷയങ്ങളും നിത്യജീവനെ സംബന്ധിക്കുന്നതാണ്. തേജസ്കരണത്തിനു ശേഷം അഞ്ചാമത്തെ ഞായറാഴ്ചയായ ഇന്നു നമുക്കു നല്കപ്പെട്ടിരിക്കുന്നത് “നിത്യജീവൻ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യണം?” (v.18) എന്ന ചോദ്യത്തിനുള്ള ഉത്തരമാണ്. ലൂക്കാ. 18:18-30 വരെയുള്ള വാക്യങ്ങളാണ് ഇന്നത്തെ നമ്മുടെ ചിന്താവിഷയം.

## പശ്ചാത്തലം

യേശുവിന്റെ ജറുസലേമിലേക്കുള്ള യാത്രയുടെ അവസാനത്തിലേക്കു കടന്നുവരുമ്പോഴാണു വി. ലൂക്കാ സുവിശേഷകൻ ഈ വേദഭാഗം അവതരിപ്പിക്കുന്നത്. ധനികനായ ഒരു മനുഷ്യൻ യേശുവിന്റെ അടുക്കലേക്കു വന്നു നിത്യജീവനെ സംബന്ധിച്ചു സംശയം ചോദിക്കുന്നതിലൂടെയാണു ഭാഗം ആരംഭിക്കുന്നത്. ‘ഒരു അധികാരി’യെന്നു സുവിശേഷകൻ വിശേഷിപ്പിക്കുന്ന ആ മനുഷ്യൻ യഹൂദമതത്തിലെ ഒരു നിയമജ്ഞനോ മതാധികാരിയോ ആയിരിക്കണം എന്നാണു

പണ്ഡിതപക്ഷം.

**പ്രമേയം**

നിത്യജീവൻ അവകാശമാക്കുവാൻ കല്പനകളെ അക്ഷരംപ്രതി അനുസരിച്ചാൽ മാത്രം മതി എന്നു പറയുകയും വിശ്വസിക്കുകയും ചെയ്യുന്ന ഒരു വർഗത്തിനു മുമ്പിൽ അതിലും അഭികാമ്യമായ കാര്യം മറ്റൊന്നാണ് എന്നു യേശു പഠിപ്പിക്കുകയാണ് ഇവിടെ. നിത്യജീവന്റെ സംസ്ക്കാരം കൊടുക്കലിന്റെ സംസ്ക്കാരമാണെന്നും സമ്പത്തെല്ലാം ഉപേക്ഷിച്ചു ദരിദ്രരെപ്പോലെ ദൈവത്തിലാശ്രയിക്കുന്നവരാണു നിത്യ ജീവൻ അവകാശമാക്കുന്നതെന്നും ഈ വേദഭാഗം നമ്മെ ഓർമ്മ പ്പെടുത്തുന്നു.

**സന്ദേശം**

മണ്ണും പൊന്നുമല്ല, മറിച്ച് ദയയും ദാനവും ദമ (ആത്മനിയന്ത്രണം) വുമാണ് ഒരുവനെ യഥാർത്ഥ ക്രിസ്തുശിഷ്യനാക്കുന്നതും അതിലൂടെ നിത്യജീവനിലേക്കു കൊണ്ടെത്തിക്കുന്നതും. ധനികനായ ആ അധി കാരിക്കു വളരെയധികം ധനമുണ്ടായിരുന്നിട്ടും ക്രിസ്തുനാഥന്റെ ശിഷ്യനാകാനുള്ള വിലകൊടുക്കുവാൻ കഴിഞ്ഞില്ല. എന്തെന്നാൽ, ക്രിസ്തുശിഷ്യനാകുവാൻ ആവശ്യമായിരുന്നത് ധനമല്ല, ദാനമായിരുന്നു.

**ഇനിയും നിനക്ക് ഒരു കുറവുണ്ട് (v.22)**

***അതുകേട്ട് യേശു പറഞ്ഞു: "ഇനിയും നിനക്ക് ഒരു കുറവുണ്ട്. നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക, അപ്പോൾ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. അനന്തരം വന്ന് എന്നെ അനുഗമിക്കുക."*** ധനം യഥാർത്ഥത്തിൽ ഒരു കുറവാണോ? പഴയ നിയമഗ്രന്ഥങ്ങളിലൂടെ കടന്നു പോകുമ്പോൾ നമുക്കു മനസ്സിലാകും, ഒരുവന്റെ സമ്പത്ത് അവന്റെ ജീവിതത്തിലെ ദൈവാനുഗ്രഹത്തിന്റെ അടയാളമാണ് (സഭാപ്രസംഗകൻ 5/19). കന്നുകാലികളുടെ വർധനയും നല്ല വിളവും എല്ലാം ഒരുവന്റെ നന്മക്കുള്ള ദൈവത്തിന്റെ സമ്മാന

മായിരുന്നു. സമ്പത്ത് ഒരു കുറവാണെങ്കിൽ ദൈവത്തിന്റെ സമ്മാനം എന്നാൽ കുറവുകൾ നല്കുക എന്നാണോ അർത്ഥം? ഒരിക്കലുമല്ല! ഇവിടെ പ്രധാനപ്പെട്ട കാര്യം ഒരുവന്റെ മനസ്സിന്റെ ചിന്താഗതിയാണ്. ദൈവത്തേക്കാളും സഹോദരങ്ങളേക്കാളും അയൽക്കാരേക്കാളുമെല്ലാം പണത്തിനും സമ്പത്തിനും പ്രാധാന്യം കൊടുക്കുമ്പോഴാണ് അവനെ സംബന്ധിച്ചു ധനം ഒരു കുറവായി മാറുന്നത്. എന്നാൽ ദൈവത്തെ സ്നേഹിക്കുകയും സഹോദരങ്ങളെ കരുതുകയും ചെയ്യുമ്പോൾ ധനം അവന് അനുഗ്രഹമാണ്. തനിക്കുള്ളതു മറ്റുള്ളവരുമായി പങ്കുവയ്ക്കുക എന്നു പറഞ്ഞാൽ അർഹമായത് നല്കി അവരെ കരുതുന്നുവെന്നും ആവശ്യങ്ങൾ മനസ്സിലാക്കി അവരെ ആശ്വസിപ്പിക്കുന്നുവെന്നുമാണ്. ധനം എന്ന ഭൗതിക യാഥാർത്ഥ്യം അപ്പോൾ അവനു നന്മയ്ക്കുള്ള ഒരു ഉപകരണമായിത്തീരും.

**അങ്ങനെയെങ്കിൽ ആർക്കു രക്ഷപ്രാപിക്കുവാൻ കഴിയും (v.26)**

"ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴലിലൂടെ പ്രവേശിക്കുന്നതാണ്." (v.25) യഥാർത്ഥ നിക്ഷേപത്തിനുവേണ്ടി ഭൗതികമായ ധനം ദാനമായി നല്കണം. അപ്പോൾ ദൈവം ഏക സമ്പത്താകും. എന്തെന്നാൽ, ക്രിസ്തുവിന്റെ വിളി സമ്പന്നതയിലേക്കാണ്. ഇഹത്തിന്റെ സമ്പത്ത് തേടിപ്പോകുന്നവർക്ക് അത് ലഭിക്കുകയില്ല. എന്നാൽ, എല്ലാം ത്യജിക്കുന്നവർക്ക് ഇക്കാലത്തു തന്നെ അനേകം മടങ്ങായും വരാനിരിക്കുന്ന കാലത്ത് നിത്യജീവനും (v.30) ലഭിക്കും. സ്വർഗ്ഗരാജ്യത്തിൽ നിക്ഷേപം കരുതിവയ്ക്കുന്നവന്റെ ഹൃദയവും അവിടെത്തന്നെ ആയിരിക്കും, ദൈവത്തോടൊപ്പം ആയിരിക്കും. എന്തെന്നാൽ, "നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും" (മത്താ. 6:1). യഥാർത്ഥ സമ്പത്ത് ലാളിത്യത്തിലൂടെ മാത്രമേ ലഭിക്കൂ എന്നും അത് കേവലം നിയമപാലനങ്ങൾക്കും ആചാരാനുഷ്ഠാന ങ്ങൾക്കും അപ്പുറമാണെന്നും സാരം. ഇതിനു യേശു വളരെ ഉദാത്തമായ ഒരു

ബിംബവും നല്കുന്നു. തുടർന്നു വരുന്ന അദ്ധ്യായത്തിലെ സക്കേവൂസിന്റെ കഥ (ലൂക്കാ. 19:1-10) യേശുവിന്റെ ഈ പഠിപ്പിക്കലുകളുടെ പ്രായോഗിക വശം എടുത്തു കാണിക്കുന്നതാണ്.

## ഉപസംഹാരം

ഹൃദയം ദൈവത്തിൽ ഉറപ്പിച്ചുകൊണ്ടു ജീവിക്കുന്നവർക്ക്, അല്ലെങ്കിൽ ദൈവത്തെ സമ്പാദിക്കുന്നവർക്കുള്ളതാണു ദൈവരാജ്യം. സുവിശേഷഭാഗ്യം ഓർക്കുക, “ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ. എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാണ്” (മത്താ. 5:2). ആത്മീയമായ ദാരിദ്ര്യം ജീവിതത്തിന്റെ ലാളിത്യമാണ്. ‘സ്വന്തമായവ’ (v.28) എല്ലാം ഉപേക്ഷിക്കുക എന്നാൽ, ഉള്ളതിനെ ഉപേക്ഷിക്കുന്നതിനേക്കാൾ ഉപരിയായി ഉള്ളത്തെ മാറ്റുന്ന പ്രക്രിയയാണ്. സമ്പത്ത് അതിൽ തന്നെ ഒരു തിന്മയോ കുറവോ അല്ല, നമ്മുടെ മാനസികാവസ്ഥയാണു തിന്മയും നന്മയും കുറവുമെല്ലാം നിശ്ചയിക്കുന്നത്. സഹോദരരോടുള്ള കടമയും സ്വന്തമനസ്സിന്റെ പരിവർത്തനവും ശിഷ്യത്വത്തിലേക്കുള്ള വിളിയും നിത്യജീവനും എല്ലാം ഒന്നിച്ചുചേർത്തു വച്ചു ചിന്തിക്കുമ്പോൾ യേശുവിന്റെ പഠിപ്പിക്കലുകളുടെ ആകെത്തുക ഈ വേദഭാഗം പറഞ്ഞു തരുന്നതായി നമുക്കു മനസ്സിലാകും.

# 2014 സെപ്തംബർ 14

## സ്ലീബാപ്പെരുന്നാൾ

ലൂക്കാ. 21:7-19; സംഖ്യ. 21:4-9; ജോഷ്വാ. 10:12-15; ഏശ. 65:1-7; യാക്കോ. 1:19-27; 1 കോറി. 1:18-25; യോഹ. 3:13-21.

**ബ്രദർ ബഞ്ചമിൻ വാഴയിൽ ഒ. ഐ. സി.**

### പശ്ചാത്തലം

യേശുവിന്റെ ദേവാലയ ശുദ്ധീകരണത്തിനുശേഷം യഹൂദപ്രമാണികളിൽ പലർക്കും യേശുവിൽ ഇടർച്ച തോന്നിയിരുന്നു. ഈ അവസരത്തിലാണു യഹൂദജനത്തിലെ മാന്യൻമാർ എന്നു വിശേഷണമുള്ള ഫരിസേയഗണത്തിൽപ്പെട്ട ആളായ നിക്കോദേമോസ് രാത്രിയിൽ യേശുവിന്റെ അടുക്കലേക്കുവരുന്നത്. നിക്കോദേമോസിന്റെ സംശയങ്ങൾക്കു യേശു മറുപടി നൽകുന്നതാണു പശ്ചാത്തലം.

### പ്രമേയം

ലോകത്തിന്റെ രക്ഷയ്ക്കായി പിതാവായ ദൈവം തന്റെ ഏകപുത്രനെ ലോകത്തിലേക്ക് അയച്ചു (യോഹ. 3:16). ദൈവപുത്രനായ യേശു തന്റെ ക്രൂശുമരണം വഴി നമുക്കു രക്ഷ നേടിത്തന്നു. അതിനാൽ കുരിശ് രക്ഷയുടെ അടയാളമാണ്. ഈ രക്ഷയുടെ അടയാളത്തെ നാം കുരിശിൽ ദർശിക്കണം, ദൈവപുത്രനെ നാം തിരിച്ചറിയണം. അപ്പോൾ നന്മയ്ക്കായി നാം ഏറ്റെടുക്കുന്ന സഹനങ്ങൾ രക്ഷാകരമായിത്തീരും.

### സന്ദേശം

**1. കുരിശ് രക്ഷയുടെ അടയാളം**

എന്നാൽ നാം പാപികളായിരിക്കെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള സ്നേഹം ദൈവം പ്രകടമാക്കിയിരി

ക്കുന്നു (റോമാ. 5:8). ഇന്നു നാം സ്ലീബാപ്പെരുന്നാൾ കൊണ്ടാടുകയാണ്. ഉയിർപ്പിന്റെയും, രക്ഷയുടേയും സന്ദേശമാണ് ഈ പെരുന്നാൾ നമുക്കു നൽകുന്നത്.

എന്തെന്നാൽ തന്നിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് തന്റെ ഏകജാതനെ നൽകാൻ തക്ക വിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ. 3:16). ഈ വലിയ രക്ഷയുടെ അടയാളമാണ് കുരിശിൽ നാം കാണുന്നത്. യേശുനാഥൻ തന്റെ രക്ഷാകരമായ മരണത്തിലൂടേയും ഉയിർപ്പിലൂടേയും ലോകത്തിന് രക്ഷ നേടിക്കൊടുത്തു. മോശ മരുഭൂമിയിൽ പിച്ചളസർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു (യോഹ. 3:14) ഇസ്രായേൽ ജനം ദൈവത്തിനെതിരായി സംസാരിച്ചതിനാൽ അവർ സർപ്പദംശനമേറ്റ് മരുഭൂമിയിൽ തളർന്നുവീണു. മോശ ദൈവകൽപ്പന പ്രകാരം ഒരു പിച്ചളസർപ്പത്തെ വടിയിൽ ഉയർത്തിനിർത്തുകയും അതിൽ നോക്കിയവർ രക്ഷ പ്രാപിക്കുകയും ചെയ്തു. (സംഖ്യ 21:6-9) ഇസ്രായേൽ ജനത്തിനു മരണകാരണമായ സർപ്പങ്ങൾ പുതിയനിയമത്തിൽ പാപത്തിന്റെ പ്രതീകമായി കാണാം. മോശ ഉയർത്തിയ പിച്ചള സർപ്പം കർത്താവിന്റെ സ്ലീബാമരവും. പാപത്തിന്റെ സർപ്പദംശനം മരണകാരണമാണെങ്കിൽ കർത്താവിന്റെ മരണമാകട്ടെ ജീവദായകമാണ്. സർപ്പദംശനത്തിലൂടെ വന്ന മരണം ഇല്ലാതാക്കാൻ ജനം വേറൊരു മരണത്തെ നോക്കുന്നു. പാപത്തിലൂടെ ലോകത്തിലേക്കു വന്ന മരണത്തെ ജയിക്കാൻ നാം കുരിശിലേക്കു നോക്കുന്നു. അവിടെ നാം രക്ഷയുടെ, സഹനത്തിന്റെ, സ്നേഹത്തിന്റെ അടയാളങ്ങൾ കാണുന്നു.

**2. രക്ഷയുടെ അടയാളം കുരിശിൽ ദർശിക്കുക, തിരിച്ചറിയുക.**

രക്ഷയുടെ അടയാളം നാം കുരിശിൽ ദർശിക്കണം. അതായത് നാം കുരിശിൽ യേശുനാഥനെ തിരിച്ചറിയണം. യേശു ശിഷ്യൻമാരോട് പറയുന്നു: "അൽപസമയത്തേക്കുകൂടി പ്രകാശം നിങ്ങളുടെയിടയി

ലുണ്ട്" (യോഹ. 12:35). ഈ വാക്കുകൾക്കു ശേഷമാണ് അവൻ മരണത്തിന് ഏല്പിച്ചു കൊടുക്കുന്നത്. അതിനാൽ നാം കുരിശിൽ ദർശിക്കേണ്ടത് ഈ പ്രകാശത്തെയാണ്. കാരണം, യേശു അരുളിച്ചെയ്യുന്നു: "ഞാൻ ലോകത്തിന്റെ പ്രകാശമാണ്" (യോഹ. 8:12). എന്നാൽ, പലപ്പോഴും രക്ഷയുടെ അടയാളമായ കുരിശിൽ പ്രകാശമാകുന്ന യേശുവിനെ തിരിച്ചറിയാൻ നമുക്കു കഴിയാതെ പോകുന്നു. യേശു പറയുന്നു: "പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യൻ പ്രകാശത്തേക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു" (യോഹ. 3:19). നാം തിന്മയിൽ നിന്നകന്നു നന്മ പ്രവർത്തിക്കണം. അപ്പോൾ നാം പ്രകാശത്തിലേക്കു കടന്നു വരും. ഈ പ്രകാശത്തിൽ, രക്ഷയുടെ അടയാളമായ കുരിശിൽ യേശുനാഥനെ ദർശിക്കുവാൻ നമുക്കു കഴിയും.

### 3. രക്ഷാകരസഹനം-മഹത്വത്തിലേക്കു വാതിൽ

യേശുവിന്റെ കുരിശു മരണം രക്ഷാകര സംഭവമായതുപോ ലെ നമ്മുടെ സഹനങ്ങളും രക്ഷാകരമാക്കി മാറ്റണം. അതിനു Life-taking അനുഭവത്തിൽനിന്നും Life-giving അനുഭവത്തിലേക്കു കടന്നു വരണം. എനിക്കു എന്തു ലഭിക്കും എന്ന അവസ്ഥയിൽ നിന്നു മാറി യേശു സ്വയം സഹനത്തിനും മരണത്തിനും ഏല്പിച്ചു കൊടുത്തതു പോലെ നാം നമ്മെ യേശുനാഥനു വിട്ടു കൊടുക്കണം. ഇതാണു Life-giving. ഇവിടെ സഹനങ്ങളുണ്ട്. അവ ഏറ്റെടുക്കാൻ നാം തയ്യാറാകണം. എന്റെ സഹനങ്ങൾ യേശുനാഥന്റെ സ്നേഹത്തെ പുൽകുമ്പോൾ അതു രക്ഷാകരമാകുന്നു. ഈ രക്ഷാകര സഹനം മഹത്വത്തിലേക്കുള്ള വാതിലാണ്. ഈ വാതിൽ ഉയിർപ്പിലേക്കു നമ്മെ നയിക്കുന്നു. യേശുനാഥന്റെ രക്ഷാകരസഹനവും മരണവും ഉയിർപ്പിലേക്കു നയിച്ചതുപോലെ നാം നന്മയ്ക്കായി ഏറ്റെടുക്കുന്ന സഹനങ്ങളോരോന്നും നമ്മെ ഉയിർപ്പ് എന്ന വലിയ പ്രത്യാശയിലേക്കാണ് നയിക്കുന്നത്.

സ്ലീബാപ്പെരുന്നാൾ നാം ആഘോഷിക്കുമ്പോൾ, കുരിശ് എന്നതു രക്ഷയുടെ അടയാളമാണ് എന്നും, അതിൽ യേശുനാഥനാണു നമ്മുടെ രക്ഷയ്ക്കായി മരിച്ചത് എന്നുമുള്ള ഒരു തിരിച്ചറിവിലേക്കു നാം കടന്നുവരണം. അതോടൊപ്പം നാം നന്മയ്ക്കായി സ്വയം ഏറ്റെടുക്കുന്ന സഹനങ്ങൾ നമ്മെ രക്ഷാകരമായ ഉയിർപ്പിലേക്കു നയിക്കുന്നു എന്ന വലിയ പ്രത്യാശയും നമുക്കുണ്ടാകണം. നാം സ്ലീബായിൽ ശരണപ്പെടുക. അതു ദുഷ്ടശക്തിയിൽ നിന്നു നമ്മെ കാത്തുകൊള്ളും. അപ്പോൾ നാം പ്രകാശത്തിലേക്കു കടന്നുവരും. ഈ പ്രകാശത്തിൽ രക്ഷയുടെ അടയാളം കുരിശിൽ ദർശിക്കാൻ നമുക്കു കഴിയും. യാമ നമസ്കാരത്തിൽ നാം ഇപ്രകാരം പാടുന്നു.

നാഥാ സ്ലീബായാൽ രക്ഷിതയാം സഭയും
ശ്രേഷ്ഠത കൈക്കൊണ്ടാൾ സ്ലീബാ ഹാശാകളാൽ
സ്ലീബായിൽ ശരണപ്പെടുവോരെ നാഥാ
ദുഷ്ടനിൽ നിന്നും നീ കാത്തീടണമെന്നും
ഹാലേലൂയ്യാ-സ്ലീബാ ചിറകാലെ സംരക്ഷിക്കേണം

(ശ്ഹീമ്മോ, മെന്ഓലം, വെള്ളി, പ്രഭാതം, കോലോ)

# 2014 സെപ്തംബർ 20

## മലങ്കര പുനരൈക്യദിനം

## പുനരൈക്യ പ്രസ്ഥാനത്തിന്റെ ലക്ഷ്യം - സത്യത്താൽ വിശുദ്ധീകരണം

ഉൽപ. 15:1-21; പുറ. 34:10-28; ഏശ. 41:1-7; 1 യോഹ. 3:11-18; എഫേ. 4:1-6; യോഹ. 17:17-23.

**ബ്രദർ മനു വർഗ്ഗീസ് പുത്തൻവീട്ടിൽ ഒ. ഐ. സി.**

### ആമുഖം

ക്രിസ്തുശിഷ്യനായ വി. മാർത്തോമ്മാ ശ്ലീഹായാൽ ഒന്നാം നൂറ്റാണ്ടിൽത്തന്നെ ഭാരതത്തിൽ സുവിശേഷം എത്തിച്ചേരുകയും അതിനെ പിൻതുടർന്നവർ 'മാർത്തോമ്മാക്രിസ്ത്യാനികൾ' എന്ന് വിളിക്കപ്പെടുകയും ചെയ്തു എന്നത് ചരിത്രത്തിലെ ആദ്യത്തെ അധ്യായം. കാലക്രമേണ ഭാരതസഭയിൽ ഉണ്ടായ ഭിന്നിപ്പും മൂല്യച്യുതിയും മൂലം ക്രിസ്തുസാക്ഷ്യത്തിനുണ്ടായ മങ്ങൽ അനേകരെ ചിന്തിപ്പിച്ചു. ആ ചിന്തയിൽനിന്ന് ഉരുത്തിരിഞ്ഞ പ്രസ്ഥാനം മാറ്റത്തിന്റെ പുതിയ മാറ്റൊലികൾ ഉണ്ടാക്കി. അതിലൊന്നാണ് മാർ ഈവാനിയോസ് നേതൃത്വം കൊടുത്ത പുനരൈക്യപ്രസ്ഥാനം. രണ്ടായിരത്തോളം വർഷമായിട്ടും ക്രിസ്തുവിനെ ശരിയായി ഭാരതത്തിന്റെ മക്കൾക്ക് പകർന്നു നൽകുവാൻ സാധിച്ചില്ലല്ലോ എന്ന സത്യം മാർ ഈവാനിയോസ് തിരുമേനിയുടെ മനസ്സിനെ വേദനിപ്പിച്ചു. താൻ ഉൾപ്പെടുന്ന സഭയിലെ ആത്മീയവന്ധ്യത്വവും, ഭിന്നിപ്പും, ലൗകികതൽപ്പരതയും ക്രിസ്തുമാർഗ്ഗത്തെ ആശ്ലേഷിക്കുന്നതല്ല എന്നു മനസ്സിലാക്കിയ ആ കർമ്മയോഗി സന്ന്യാസപ്രസ്ഥാനത്തിലൂടെ സഭയിൽ ആത്മീയ ഉണർവു നൽകുകയും പുനൈരക്യ പ്രസ്ഥാനത്തിലൂടെ ആഗോള കത്തോലിക്കാ സഭാകൂട്ടായ്മയിലേക്ക് കടന്നുവരികയും ചെയ്തു. ഒരു ഇടയനും ഒരു തൊഴുത്തും എന്ന മഹത്തായ ചിന്തയിലൂടെ ഒരുമയെ അവതരിപ്പിച്ച യേശു

തമ്പുരാന്റെ പ്രാർത്ഥനയുടെ (യോഹ. 17:1-29) അർത്ഥം ഇവിടെ സാർത്ഥകമായി. അതിലൂടെ ക്രിസ്തുവിന്റെ പേരിൽ വിഘടിച്ചുകിട ക്കുന്ന സമൂഹവിഭാഗങ്ങളെ ഒരുമിച്ചുകൊണ്ടുവരാനുള്ള സഭയുടെ ദൗത്യം ഈ അനുസ്മരണം ഓർമ്മിപ്പിക്കുന്നു. അതിലൂടെ നാളെയുടെ പ്രതീക്ഷയായ 'ഒന്നായിത്തീരുക' എന്ന സത്യത്തിന് പുനരൈക്യ പ്രസ്ഥാനം വഴിമരുന്നിടും എന്നതായിരിക്കട്ടെ നമ്മുടെ സ്വപ്നം.

### സന്ദേശം

1930 സെപ്തംബർ 20-ാം തീയതി പൂർത്തിയാക്കപ്പെട്ട ഒരു വലിയ ദൈവനിയോഗത്തിന്റെ നിറവിലാണ് മലങ്കര കത്തോലിക്കസഭ 84-ാം പുനരൈക്യദിനം ആചരിക്കുന്നത്. ഒരു മലങ്കര കത്തോലിക്കന്റെ ഓർമ്മ കളിൽ തിളങ്ങിനിൽക്കുന്ന സുദിനം. ആധുനിക സാഹചര്യങ്ങളിൽ പരിപാടികളിലൂടെയല്ല 'സുവിശേഷകയായ മലങ്കര കത്തോ ലിക്കസഭ'[1] അതിന്റെ ദൗത്യം തുടരുന്നത് 'അനുഭവത്തിൽനിന്നു സാക്ഷ്യത്തിലേക്ക്[2] ആണ് മുന്നേറുന്നത്. കർമ്മയോഗിയായ മാർ ഈവാനിയോസ് തിരു മേനിയിലൂടെയും, അദ്ദേഹത്തിന്റെ അനുചരന്മാരിലൂടെയും സമാരംഭി ക്കപ്പെട്ട പുനരൈക്യപ്രസ്ഥാനം മലങ്കര കത്തോലിക്കസഭയെ നാൾക്കുനാൾ പുരോഗതിയിലേക്കാണ് നയിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ തെളിവാണ് ഇന്നു നാം കാണുന്ന മലങ്കര കത്തോലിക്കസഭ. ഒരുകാലത്ത് "പുതിയ ഇസ്രായേൽ പ്രയാണം"[3] എന്ന് വിശേഷിക്ക പ്പെട്ട ഈ പ്രസ്ഥാനം ഓരോ മലങ്കര കത്തോലിക്കന്റെയും ഉണർ ത്തുപാട്ടും, ജീവശ്വാസവുമാണ്. വളരെ സമ്പന്നമായ സഭാ പൈതൃ കവും ആരാധനാരീതികളും പരിരക്ഷിച്ചുകൊണ്ട് കാലാനുസൃതമായി മാറുന്നതിന് പുനരൈക്യപ്രസ്ഥാനം നമ്മെ ആഹ്വാനം ചെയ്യുന്നു. ഇതിലൂടെ 'ഒരു തൊഴുത്തും ഒരു ഇടയനുമായിത്തീരും' എന്ന പ്രത്യാശയാണ് നമ്മെ മുന്നോട്ട് നയി ക്കുന്നത്. ഈ സുദിനത്തിൽ പരി. സഭ നമ്മുടെ വിചിന്തനത്തിനായി നൽകിയിരിക്കുന്നതും ഈ ഐക്യത്തിന്റെ പ്രാർത്ഥനയാണ്. 'എല്ലാവരും ഒന്നായിത്തീരേണ്ടതിന്' നമ്മുടെ കർത്താവ് പ്രാർത്ഥിക്കുന്ന വചനഭാഗം യോഹന്നാന്റെ

സുവിശേഷം 17-ാം അദ്ധ്യായത്തിൽ നമുക്ക് കാണുവാൻ സാധിക്കും. വചനമാകുന്ന സത്യം കൊണ്ട് വിശുദ്ധീകരി ക്കുന്നതിന് കർത്താവ് പ്രാർത്ഥിക്കുന്നു (യോഹ. 17:17).

## പുനരൈക്യപ്രസ്ഥാനത്തിന്റെ ലക്ഷ്യം-സത്യത്താലുള്ള വിശുദ്ധീകരണം

വി. യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായം മുഴുവൻ നമ്മുടെ കർത്താവിന്റെ പുരോഹിതപ്രാർത്ഥനയാണ് (Priestly Prayer). ശിഷ്യന്മാരുടെ വിശുദ്ധീകരണം, ഐക്യം, സ്നേഹത്തിലുള്ള ജീവിതം തുടങ്ങിയ വിവിധ പ്രമേയങ്ങളാണ് ഇതിന്റെ ഇതിവൃത്തം. "സ്വർഗ്ഗ സ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥനയുമായി ഇതിനു സമാന്തരങ്ങളുണ്ട് എന്നു പല ദൈവശാസ്ത്രജ്ഞന്മാരും അഭിപ്രായ പ്പെടുന്നു.[4] പിതാവും പുത്രനും തമ്മിലുള്ള ഐക്യത്തിന്റെ ബന്ധം പോലെ ശിഷ്യന്മാർ ക്രിസ്തുവിൽ ഒന്നായിത്തീരണം എന്നാണ് ഈ പ്രാർത്ഥനയുടെ ലക്ഷ്യം. ക്രിസ്തുശിഷ്യന്മാരാൽ വിവിധ രാജ്യങ്ങളിൽ, വ്യത്യസ്തമായ സംസ്കാരങ്ങളിൽ പണിതുയർത്തപ്പെട്ട സഭാശരീര ത്തിലെ അംഗങ്ങൾ ഒന്നായിത്തീരണം എന്നതാണ് ഇന്ന് ഇതിന്റെ പ്രസക്തി. അതോടൊപ്പം മലങ്കര കത്തോലിക്കാ സഭ ഭാരതസുവി ശേഷീകരണം ഇതര റീത്തുകളോടു ചേർന്നു നിർവഹിക്കുന്നതിനു പദ്ധതികൾ ആവിഷ്കരിക്കുന്നു. ഇന്നത്തെ വചനഭാഗത്ത് അതിനു വേണ്ടി സത്യത്താൽ വിശുദ്ധീകരിക്കപ്പെടണം എന്നു കർത്താവ് നിർദ്ദേശിക്കുന്നു (യോഹ. 17:17).

## സത്യത്താലുള്ള വിശുദ്ധീകരണം

സത്യത്താലുള്ള വിശുദ്ധീകരണം എന്നതിന്റെ അർത്ഥം വചന ത്താലുള്ള വിശുദ്ധീകരണമാണ്. (യോഹ. 17:18a) 'വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു' എന്നതാണ് വി.യോഹന്നാൻ അവതരിപ്പി ക്കുന്ന ദൈവശാസ്ത്രത്തിന്റെ കാതൽ. ആ വചനമാണ് മുറിക്കപ്പെട്ടത്, പീഡിപ്പിക്കപ്പെട്ടത്, കുരിശിൽ മരിച്ചത്, ഉയിർപ്പിക്കപ്പെട്ടത്. ഈ വചന ത്തിലൂടെ നാം വിശുദ്ധീകരിക്കപ്പെടണം. അതാണ് സത്യത്താലുള്ള വിശുദ്ധീകരണം. വിശുദ്ധി നല്കുന്ന കൂദാശകളിലൂടെ, പ്രാർത്ഥനാ

ശുശ്രൂഷകളിലൂടെ ഈ വചനം അനുദിനം നമ്മെ വിശുദ്ധീകരിച്ചു കൊണ്ടിരിക്കുന്നു. സത്യത്താലുള്ള വിശുദ്ധീകരണത്തിനുവേണ്ടി നമ്മുടെ കർത്താവു സ്വീകരിച്ചതു രണ്ടു പ്രധാനപ്പെട്ട മാർഗ്ഗങ്ങളാണ്.

1. സ്വയം വിശുദ്ധീകരണം (യോഹ. 17:19)

2. മറ്റുള്ളവരുടെ വിശുദ്ധീകരണം (യോഹ. 17:20)

**1. സ്വയം വിശുദ്ധീകരണം (യോഹ. 17:19)**

വിശുദ്ധീകരിക്കുക എന്ന വാക്കിനു ഗ്രീക്കു ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പദം ഹഗ്ഗിയാസൈൻ (αγιασειν - hagiasein) എന്നാണ്. നാമവിശേഷണമായി ഉപയോഗിക്കുന്ന (αγιος - hagios) ഹഗ്ഗിയോസ് എന്ന വാക്കിൽ നിന്നാണ് ഈ ക്രിയാപദം രൂപപ്പെടുന്നത്. ഇതിന്റെ അർത്ഥം വേർതിരിച്ചു വിശുദ്ധീകരിക്കുക എന്നാണ്. ഈ വാക്കു രണ്ടു രീതിയിൽ വചനത്തിൽ ഉപയോഗിച്ചിരിക്കുന്നു.

ഒരു പ്രത്യേക നിയോഗത്തിനുവേണ്ടി വിളിച്ചു മാറ്റി നിർത്തുക- ജറമിയായുടെ വിളി (ജറ. 1:5) ഇതിനു ഒരു ഉദാഹരണമാണ്. ആചാര്യ ശുശ്രൂഷ നടത്തുന്നതിനുവേണ്ടി അഹറോനെയും കുടുംബത്തെയും മോശ നിയമിക്കുന്നു (പുറ. 28:41ff). രണ്ടാമതായി, വിളിച്ചു വേർതിരിച്ചു ആ നിയോഗത്തിനുവേണ്ടി അവരെ ശക്തിപ്പെടുത്തുന്നതിനും ഈ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. മാനസികവും ശാരീരികവും ആത്മികവും ബൗദ്ധികവുമായി ഒക്കെ ശക്തിപ്പെടുത്തുക എന്നാണ് ഇതിലൂടെ അർത്ഥമാക്കുന്നത്. രണ്ടാമത്തെ അർത്ഥത്തിലാണ് സുവിശേഷകൻ ഇത് അവതരിപ്പിച്ചിരിക്കുന്നത്.

സത്യത്താൽ വിശുദ്ധീകരിക്കപ്പെടുന്നതിനു സ്വയം വിശുദ്ധീകരിച്ച കർത്താവ്, ശിഷ്യന്മാർ വിശുദ്ധീകരിക്കപ്പെടുന്നതിനുവേണ്ടി പിതാവിനോടു പ്രാർത്ഥിക്കുന്നു. വ്യക്തമായ ദിശാബോധം നഷ്ടപ്പെട്ട സഭയിലെ ആത്മീയ പാപ്പരത്തം ഇല്ലാതാക്കുന്നതിനുവേണ്ടി ആ സഭയുടെ വിശുദ്ധീകരണത്തിനുവേണ്ടി സ്വയം വിശുദ്ധീകരിച്ച യോഗീവര്യനായിരുന്നു മാർ ഈവാനിയോസ്. മുണ്ടൻമലയിൽ ഉണ്ടായ ദൈവാനുഭവത്തിന്റെയും ക്രിസ്തു കേന്ദ്രീകൃതമായ ജീവിതശൈലി

യുടെയും പുണ്യം മാർ ഈവാനിയോസ് തിരുമേനിക്കും കൂടെയുണ്ടായിരുന്ന സന്ന്യാസികൾക്കും സ്വയം വിശുദ്ധീകരണത്തിന്റെ അനുഭവമായിരുന്നു. ശിഷ്യന്മാരുടെ വിശുദ്ധീകരണത്തിനുവേണ്ടിയും അവരുടെ ഐക്യത്തിനുവേണ്ടിയും പ്രാർത്ഥിച്ച കർത്താവ് മലങ്കരസഭയിൽ മാർ ഈവാനിയോസ് പിതാവിലൂടെയും അനുചരന്മാരിലൂടെയും പ്രവർത്തിച്ചു എന്നതാണു സത്യം. സന്ന്യാസജീവിതത്തിലൂടെ സ്വയം വിശുദ്ധീകരണത്തിലേക്കു നടന്നുപോയ അവർ മുണ്ടൻമല വിട്ടിറങ്ങി, മറ്റുള്ളവരെ വിശുദ്ധീകരിക്കാൻ.....

**2. മറ്റുള്ളവരുടെ വിശുദ്ധീകരണം (യോഹ. 17:20)**

"അവർക്കു വേണ്ടി മാത്രമല്ല, അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കും വേണ്ടിയാണു ഞാൻ പ്രാർത്ഥിക്കുന്നത്. അവരെല്ലാവരും ഒന്നായിരിക്കുന്നതിനുവേണ്ടി..." (യോഹ. 17:20-21). ആഗോളസഭാകൂട്ടായ്മയിലേക്കു കടന്നുവന്നതു വഴി മാർ ഈവാനിയോസും കൂട്ടരും ഐക്യത്തിന്റെ പാത തുറന്നിട്ടു. അനേക തലമുറകളുടെ പരിശ്രമം ഇവിടെ ഫലമണിഞ്ഞു. അതിലൂടെ തലമുറകൾ വിശുദ്ധീകരിക്കപ്പെട്ടു. ഇന്ന് ഭാരതസുവിശേഷവത്കരണം എന്ന ലക്ഷ്യത്തോടുകൂടി സഭ പല പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇതുകൊണ്ട് ഉദ്ദേശിക്കുന്നതു മതപരിവർത്തനം അല്ല, മറിച്ച് ക്രിസ്തുവിന്റെ സുവിശേഷം ഭാരതത്തിന്റെ ഓരോ മുക്കിലും മൂലയിലും എത്തിക്കുക എന്നതാണ് ലക്ഷ്യം. അങ്ങനെ വചനത്തിലുള്ള വിശുദ്ധീകരണമാണ് ഇന്നു മറ്റുള്ളവരുടെ വിശുദ്ധീകരണമായി സഭ കാണുന്നത്. "എന്റെ മരണശേഷം സ്വർഗ്ഗത്തിലിരുന്ന് അകത്തോലിക്കാ സഹോദരങ്ങളുടെ മാനസാന്തരത്തിനുവേണ്ടി ഞാൻ പ്രാർത്ഥിക്കും" എന്നു പറഞ്ഞ മാർ ഈവാനിയോസ് തിരുമേനിയുടെ സ്വപ്നമാണ് ഓരോ മലങ്കര കത്തോലിക്കന്റെയും സ്വപ്നം. എല്ലാവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടുന്നതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

## ഉപസംഹാരം

പുനരൈക്യ പ്രസ്ഥാനത്തിന്റെ വക്താക്കളായ നാം സത്യത്താൽ വിശുദ്ധീകരിക്കപ്പെടുന്നതിനുവേണ്ടി വചനാധിഷ്ഠിതമായ ജീവിതം

നയിക്കാൻ സഭ ഇന്നേ ദിവസം നമ്മെ ഓർമ്മിപ്പിക്കുന്നു. വചനമാണ് സത്യത്തിലേക്കുള്ള പാത എന്ന് പറയുമ്പോൾതന്നെ വചനം പഠിക്കുന്നതിനും, ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനും അനേകം അവസരങ്ങളിലൂടെ സഭ നമ്മെ ഒരുക്കുന്നു. അങ്ങനെ സ്വയം വിശുദ്ധീകരണത്തിന്റെ പാതയിൽ നാം മുന്നേറുന്നു. മാർ ഈവാനിയോസ് പിതാവിന്റെ ജീവിതം ആണ് ഇതിനു മാതൃക. നാം നമ്മെത്തന്നെ വിശുദ്ധീകരിക്കുമ്പോൾ നമ്മുടെ ജീവിതം ക്രിസ്തുവിനെ നൽകുന്നതിനായി പാകപ്പെടുന്നു. അതിലൂടെ ക്രമേണ മറ്റുള്ളവരുടെ വിശുദ്ധീകരണം സാദ്ധ്യമാകുന്നു. അത് ഭാരത മാനസാന്തരത്തിനു വഴിതെളിക്കുന്നു. അതിലൂടെ പുനരൈക്യത്തിന്റെ ലക്ഷ്യം നിറവേറ്റപ്പെടുന്നു. വിശാലമായ ഈ സ്വപ്നം ആമോസ് പ്രവാചകൻ കണ്ട സ്വപ്നം പോലെ ആയിത്തീരുന്നു. "അന്നു ദാവീദിന്റെ വീണുപോയ കൂടാരത്തെ ഞാൻ ഉയർത്തും. കേടുപാടുകൾ തീർത്ത് വീണ്ടും അതിനെ പഴയ കാലത്തെന്നപോലെ പണിതുയർത്തും. അപ്പോൾ, ഏദോമിൽ അവശേഷിക്കുന്നവരെയും എന്റെ നാമത്തിൽ അറിയപ്പെട്ടിരുന്ന ജനതകളെയും അവർ കൈവശമാക്കും. ഇതു ചെയ്യുന്ന കർത്താവാണ് അരുളിച്ചെയ്യുന്നത്. കർത്താവ് അരുളിച്ചെയ്യുന്നു: ആ ദിനങ്ങൾ ആസന്നമായി. അന്ന് ഉഴവുകാരൻ കൊയ്ത്തുകാരനെയും മുന്തിരി മെതിക്കുന്നവൻ വിതക്കാരനെയും പിന്നിലാക്കും. പർവതങ്ങൾ പുതുവീഞ്ഞു പൊഴിക്കും. മലകളിൽ അതു കവിഞ്ഞൊഴുകും. എന്റെ ജനമായ ഇസ്രായേലിന്റെ ഐശ്വര്യം ഞാൻ പുനഃസ്ഥാപിക്കും. തകർന്ന നഗരങ്ങൾ പുനരുദ്ധിച്ച് അവർ അതിൽ വസിക്കും. മുന്തിരിത്തോപ്പുകൾ നട്ടുപിടിപ്പിച്ച്, അവർ വീഞ്ഞു കുടിക്കും. അവർ തോട്ടങ്ങളുണ്ടാക്കി, ഫലം ആസ്വദിക്കും. അവർക്കു നൽകിയ ദേശത്ത് ഞാൻ അവരെ നട്ടുവളർത്തും; ആരും അവരെ പിഴുതെറിയുകില്ല - ദൈവമായ കർത്താവാണ് അരുളിച്ചെയ്യുന്നത്."

1. ആദ്യത്തെ മലങ്കര കത്തോലിക്കാ സഭാ അസംബ്ലിയുടെ പ്രമേയം.
2. സഭാ അസംബ്ലിക്കുശേഷം 5 വർഷത്തേക്കു നൽകപ്പെട്ട സഭയുടെ അജണ്ട.
3. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി., ദൈവശാസ്ത്രപഠനങ്ങൾ (2001), പേജ് 279.
4. Brown (edts) et al, The New Jerome Biblical Commentary (2013), 978.

# 2014 സെപ്തംബർ 21
# സ്ലീബായ്ക്കുശേഷം ഒന്നാം ഞായർ

ലൂക്കാ. 17:20-37; ഉൽപ. 45:4-15; പ്രഭാ. 15:11-20; ഏശ. 57:14-21; 1 യോഹ. 5:1-5; 1 കോരി. 10:1-13; മർക്കോ. 13:24-31

**ബ്രദർ സിറിൾ മൈക്കിൾ ഒ. ഐ. സി.**

### പശ്ചാത്തലം

13-ാം അദ്ധ്യായത്തിനു വിരാമം കുറിക്കുന്ന വചനഭാഗങ്ങളാണിവ. അവസാനവിധിയെപ്പറ്റിയുള്ള യേശുവിന്റെ പ്രബോധനമാണ് ഇവിടെ വിവരിക്കുന്നത്. യേശുവിന്റെ പീഡാനുഭവത്തെപ്പറ്റിയുള്ള ഒരു പ്രവചനവും ഇവിടെ കാണാം. അത്തിമരത്തിന്റെ ഉപമയിലൂടെയാണ് ഇവ വിവരിക്കപ്പെടുന്നത്.

### പ്രമേയം

രണ്ടാം വരവ് തന്നെയാണ് മുഖ്യപ്രമേയം. മനുഷ്യപുത്രന്റെ ആഗമനത്തിനുവേണ്ടി ഒരുക്കമുള്ളവരായിരിക്കുവാൻ, കാലത്തിന്റെ അടയാളങ്ങൾ ദൈവം തരുന്ന സന്ദേശങ്ങളായിക്കണ്ടുകൊണ്ടു ജീവിതത്തെ നവീകരിക്കുവാൻ ഈ വചനഭാഗം നമ്മോട് ആവശ്യപ്പെടുന്നു.

### സന്ദേശം

അവസാനവിധിയെപ്പറ്റിയുള്ള യേശുവിന്റെ പഠിപ്പിക്കലുകളിൽ നാം കണ്ടുമുട്ടുക ദൈവരാജ്യത്തെപ്പറ്റിയുള്ള പഠിപ്പിക്കലിന്റെയും പ്രബോധനങ്ങളുടെയും സംക്ഷിപ്ത രൂപമാണ്. ഈ വചനഭാഗം രണ്ടു സന്ദേശങ്ങളാണു പകർന്നുതരിക.

1. ഒരുക്കമുള്ളവരായിരിക്കുക
2. പ്രതീക്ഷ കൈവിടാതിരിക്കുക.

**1. ഒരുക്കമുള്ളവരായിരിക്കുക**

ജാഗ്രത, ഒരുക്കം ദൈവരാജ്യപ്രവേശനത്തിന് ഒരുവനെ തയ്യാറാക്കുന്നു. വി. ലൂക്കോസ് അത് എങ്ങനെയാകണമെന്നു പറഞ്ഞു വയ്ക്കുന്നു. “നിങ്ങൾ അരമുറുക്കിയും വിളക്കു കത്തിച്ചും ഇരിക്കുവിൻ”. പഴയനിയമത്തിൽ പുറപ്പാടുപുസ്തകം 19-ാം അധ്യായം 11-ഉം 15-ഉം വാകൃങ്ങളിൽ ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചിക്കപ്പെട്ടു സീനായി മലയുടെ താഴ്വാരത്തിൽ എത്തിച്ചേർന്ന ഇസ്രായേൽ ജനത്തോടു മോശയിലൂടെ ദൈവം അരുളിച്ചെയ്യുന്നു: “മൂന്നാം ദിവസത്തേക്കു നിങ്ങൾ ഒരുങ്ങിയിരിക്കുവിൻ. എന്തെന്നാൽ കർത്താവു സീനായ്മലയിൽനിന്നു ഇറങ്ങിവന്നു നിങ്ങളെ ദർശിക്കും”. പുതിയനിയമഗ്രന്ഥത്തിൽ വി. മത്തായിയുടെ സുവിശേഷത്തിൽ 25-ാം അദ്ധ്യായം 1 മുതൽ 13 വരെയുള്ള വാക്യങ്ങളിൽ മണവാളൻ വരാൻ വൈകുമ്പോഴും ഒരുക്കമുള്ളവരായിരുന്നു സ്വർഗ്ഗരാജ്യം സ്വന്തമാക്കുന്ന വിവേകികളായ കന്യകമാരെക്കുറിച്ചു നാം വായിക്കുന്നുണ്ട്. അങ്ങനെ സദാ ഒരുക്കമുള്ളവരായി ജീവിക്കുമ്പോഴാണു ജീവിതം നവീകരിക്കപ്പെടുന്നത്. ഈ ആത്മീയ ഒരുക്കം നിത്യജീവന്റെ അനുഭവത്തിലേക്കു നമ്മെ കൈപിടിച്ചു നടത്തുന്നു. മാമോദീസായിലൂടെ ലഭിച്ച പരിശുദ്ധാത്മാവിന്റെ സഹായത്തോടെ നമുക്കു നവീകരിക്കപ്പെട്ട ജീവിതത്തിന്റെ ഉടമകളാകാം.

**2. പ്രതീക്ഷ കൈവിടാതിരിക്കുക**

പ്രതീക്ഷ മനുഷ്യജീവിതത്തിന്റെ അടിസ്ഥാന മനോഭാവങ്ങളിൽ ഒന്നാണ്. വിശുദ്ധ ബൈബിൾ, പ്രത്യാശയുടെ അനുഭവങ്ങളിലേക്കു കടന്നുവന്ന ഒത്തിരി യാഥാർത്ഥ്യങ്ങൾ പകർന്നു തരുന്നുണ്ട്. പാപം ചെയ്ത ആദിമാതാപിതാക്കൾക്കു പ്രത്യാശയുടെ കിരണമായി രക്ഷകനെ വാഗ്ദാനം ചെയ്തുകൊണ്ടു പ്രതീക്ഷ നൽകുന്ന ദൈവത്തെ കാണാൻ സാധിക്കും. ഉൽപത്തിപ്പുസ്തകം 22-ാം അദ്ധ്യായത്തിൽ തന്റെ ഏകജാതനെ ബലിയർപ്പിക്കുവാൻ സന്നദ്ധനാകുന്ന അബ്രഹാ

മിന്റെ ജീവിതത്തിലൂടെ കടന്നുപോകുമ്പോഴും ദൈവത്തിന്റെ വാഗ്ദാന ത്തിലുള്ള അബ്രഹാത്തിന്റെ പരിപൂർണ്ണ പ്രത്യാശയാണ് വരച്ചുകാട്ടു ന്നത്. സഭ പ്രത്യാശയെ നിർവ്വചിക്കുക നന്മയായിട്ടുള്ള ഒന്നിനുവേണ്ടി യുള്ള കാത്തിരിപ്പ് എന്നാണ്. ക്രിസ്തുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസം അർപ്പിച്ചും സ്വർഗ്ഗരാജ്യത്തിലും നിത്യജീവനിലും പ്രത്യാശയർപ്പിച്ചു മുള്ള കാത്തിരിപ്പു ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനഘടക മാണ്. പൗലോസ് ശ്ലീഹാ റോമർക്കെഴുതിയ ലേഖനം 12:12-ൽ പറയുന്നു പ്രത്യാശയിൽ സന്തോഷിക്കുവിൻ എന്ന്. എലിസബേത്ത് സഖറിയാ ദമ്പതികളുടെ ജീവിതം ഇതിന് ഉത്തമ ഉദാഹരണമാണ്. ദൈവത്തിൽ പ്രതീക്ഷയർപ്പിച്ചു പ്രത്യാശയോടെ കാത്തിരുന്നതു കൊണ്ട് ദൈവം അവരെ അനുഗ്രഹിക്കുന്നു.

ഈ ലോക ജീവിതത്തിന്റെ ചുറ്റുപാടുകളിൽമാത്രം ഒതുങ്ങിനിൽ ക്കാതെ ദൈവരാജ്യത്തെ ലക്ഷ്യമാക്കി ഒരുക്കമുള്ളവരായി, പ്രതീക്ഷ യുള്ളവരായി ജീവിക്കുവാൻ ഈ സുവിശേഷഭാഗം നമ്മോട് ആവശ്യ പ്പെടുന്നു. പ്രത്യാശയുടെ അഭാവത്തിൽ നിരാശതയുടെ മൂടുപടം ജീവി തത്തെ മൂടുകയും തന്നിൽനിന്നും ദൈവത്തിൽനിന്നും സഹോദരരിൽ നിന്നും അവ നമ്മെ അകറ്റുകയും ചെയ്യുമെന്ന മുന്നറിയിപ്പും ഇവിടെ പ്രതിധ്വനിക്കുന്നുണ്ട്. കാത്തിരിപ്പും അതിൽനിന്നുണ്ടാകുന്ന പ്രത്യാശ യുടെ അനുഭവവും ആത്മസമർപ്പണത്തിന്റെ ഭാഗമാണ്. അവനുവേണ്ടി നമുക്കു കാത്തിരിക്കാം. അവനുവേണ്ടി നമുക്കു ഉണർന്നിരിക്കാം.

# 2014 സെപ്തംബർ 28

# സ്ലീബായ്ക്കുശേഷം രണ്ടാം ഞായർ

ലൂക്കാ. 10:25-37; നിയമ. 6:1-15; സുഭാ. 3:25-35; ഏശ. 48:12-16; യാക്കോ. 2:18-26; റോമാ. 15:1-6; ലൂക്കാ. 16:19-31.

**ബ്രദർ മെൽവിൻ മാത്യു ഒ. ഐ. സി.**

## ആമുഖം

മലങ്കര ആരാധനാക്രമത്തിലെ അവസാന കാലയളവായ സ്ലീബാക്കാലം ക്രിസ്തീയജീവിതത്തിന്റെ ലക്ഷ്യമായ നിത്യജീവനിലേക്കുള്ള മാർഗങ്ങളെപ്പറ്റിയാണ് നമ്മെ ഓർമ്മപ്പെടുത്തുന്നത്. ദൈവ മനുഷ്യസ്നേഹത്തിന്റെ അടയാളമായ വി. കുരിശിന്റെ ജീവിതത്തിലൂടെ ഈ ലക്ഷ്യം എപ്രകാരമാണ് സ്വാംശീകരിക്കുവാൻ സാധിക്കുന്നത് എന്നു ധനവാന്റേയും ലാസറിന്റേയും ഉപമയിലൂടെ (ലൂക്കാ. 16:19-31) നമ്മെ ഓർമ്മപ്പെടുത്തുന്നു.

## പശ്ചാത്തലം

യേശുവിന്റെ ജറുസലേം യാത്രാ (ലൂക്ക. 9:19) മദ്ധ്യേ യേശു തന്റെ ശിഷ്യന്മാരെ ധനത്തോടുള്ള ആസക്തിയെപ്പറ്റിയും അതു നയിക്കുന്ന അപകട സാധ്യതകളെക്കുറിച്ചും ഓർമ്മപ്പെടുത്തുന്നു (ലൂക്കാ. 10:4, 11:41, 14:33). മാത്രമല്ല, ദൈവരാജ്യത്തിന്റെ അടിസ്ഥാനം പാവപ്പെട്ടവരോടും നിരാലംബരോടുമുള്ള പക്ഷം ചേരലാകുന്നുവെന്നും യേശു പഠിപ്പിക്കുന്നു. ലൂക്കാ. 14, 15 അദ്ധ്യായങ്ങളിൽ പാവങ്ങളോടു പക്ഷം ചേരുന്ന യേശുവിന്റെ മനോഭാവം പ്രകടമാണ്. 16-ാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്തു ധനം എപ്രകാരം നന്മയ്ക്കായി ഉപയോഗിക്കാമെന്നു പഠിപ്പിക്കുമ്പോൾ അതേ അദ്ധ്യായത്തിന്റെ അവസാനഭാഗത്തു ധനം എപ്രകാരം ഉപയോഗിച്ചുകൂടാ എന്നും പഠിപ്പിക്കുന്നു.

### പ്രമേയം

ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ പാവപ്പെട്ട സഹോദരനോടുള്ള നമ്മുടെ നിർലോഭമായ കാരുണ്യം എപ്രകാരമായിരിക്കണമെന്നു വചനം നമുക്കു വെളിപ്പെടുത്തിത്തരുന്നു. ക്രിസ്തീയസ്നേഹം പങ്കുവയ്ക്കുന്നതിലാണു പ്രകടമാകുന്നത്. സുവിശേഷത്തിൽനിന്നു ലഭിക്കുന്ന ഈ ആനന്ദം പങ്കുവയ്ക്കുമ്പോഴാണ് സജീവമാകുന്നത്.

### സന്ദേശം

ഇന്നത്തെ സുവിശേഷഭാഗത്തിലെ രണ്ടു കഥാപാത്രങ്ങളെയും, അവരുടെ അവസ്ഥയെയും മനസ്സിലാക്കാം. ഓരോ കഥാപാത്രവും നമുക്കു രണ്ടു വ്യത്യസ്ഥങ്ങളായ സന്ദേശങ്ങൾ പകർന്നു നല്കുന്നു.

<u>1. ധനവാൻ : ധനം നമ്മെ അന്ധരാക്കാതിരിക്കട്ടെ!</u>

ധനവാൻ എന്തുകൊണ്ടു ശിക്ഷിക്കപ്പെട്ടു, എന്ന ചോദ്യം വളരെ പ്രസക്തമാണ്. ധനവാൻ തന്റെ പടിവാതിൽക്കൽ കിടന്ന ആ ദരിദ്രനായ ലാസറിനെ കാണാതെ പോയതായിരിക്കാം അതിനു കാരണം. പടിവാതിൽ എന്നാൽ ഒരുവൻ കയറിയിറങ്ങിപ്പോകുന്ന സ്ഥലമാണ്. മറ്റൊരു വാക്യത്തിൽ പറഞ്ഞാൽ ധനവാന്റെ ഏറ്റവും അടുത്ത അയൽക്കാരൻ. എന്നാൽ ഇത്രയും അടുത്തു വസിച്ചിട്ടും ഇത്രയധികം വേദനയനുഭവിച്ചിട്ടും ദരിദ്രനായ ലാസറിനെ കാണുവാൻ സാധിക്കാത്തവണ്ണം അവന്റെ കണ്ണുകൾ മൂടപ്പെട്ടിരുന്നു. ധനസുഖം അവന്റെ ജീവിതത്തെ അടക്കി ഭരിച്ചിരുന്നു. അതിനാലാണു സുവിശേഷത്തിൽ നാം വായിക്കുക "അവൻ ചുവന്ന പട്ടും മൃദുല വസ്ത്രങ്ങളും ധരിക്കുകയും എന്നും സുഭിക്ഷമായി ഭക്ഷിക്കുകയും ചെയ്തിരുന്നു" (ലൂക്കാ.16:19) ധനവാന്റെ ഈയൊരു അന്ധത അല്ലെങ്കിൽ നിസ്സംഗതയാണ് ധനവാനും ലാസറിനുമിടയിൽ ഗർത്തം സൃഷ്ടിച്ചത്. ദൈവം പടിവാതിൽ വരെ കൂട്ടി നിർത്തിയവരാണ് ധനവാനും ലാസറും. എന്നാൽ, അയാൾ ലാസറി

നോടു തന്റെ "മേശയിൽ നിന്നു വീണിരു ന്നവകൊണ്ടു വിശപ്പടക്കാൻ" (v.21) പോലുമുള്ള ദാക്ഷിണ്യം കാണിച്ചില്ല. ഈ അവഗണനയാണ് പിന്നീട്, അബ്രഹാമിന്റെ മടിയിൽ വിശ്രമിക്കുന്ന ലാസറുമായി ഒരിക്കലും ചേരാൻ സാധിക്കാത്ത വലിയ ഗർത്തമായി മാറിയത്. ധനമോഹത്തിൽ നിന്നുടലെടുക്കുന്ന ഈ അന്ധതയാണു നിസ്സംഗതയി ലേക്കും പിന്നീട് നരകാഗ്നിയിലേക്കും നമ്മെ കൊണ്ടെത്തിക്കുന്നത്. ആധുനികലോകം ഉപഭോഗസംസ്കാരത്തിന്റെ വലയിൽപ്പെടുമ്പോൾ നാമും ലാഭത്തിനുവേണ്ടി, മത്സരബുദ്ധിയോടെ എല്ലാം സ്വന്തമാക്കാ നുള്ള അഭിവാഞ്ഛയോടെ മുന്നോട്ടു നീങ്ങുമ്പോൾ നമ്മുടെ സഹോ ദരങ്ങളും അയൽക്കാരും ഈ പ്രകൃതിയും എല്ലാം നമ്മുടെ സ്ഥാനമാന ങ്ങൾക്കുള്ള ഒരു ചവിട്ടുപടിയായി ഒതുങ്ങിപ്പോകുന്നു. അപരനിലെ നന്മ കാണാനും അവനെ സ്നേഹിക്കുവാനും സഹായിക്കുവാനും സാധിക്കുമ്പോൾ മാത്രമാണു നാം യഥാർത്ഥ ക്രിസ്തുശിഷ്യരാകു ന്നത്/നിത്യരക്ഷ അനുഭവിക്കുന്നത്. തിരസ്കരിക്കപ്പെട്ടവരിൽ യേശു വിനെ കാണുവാൻ നമുക്കു സാധിക്കണം. "ഈ ചെറിയവരിൽ ഒരുവനു ഇതെല്ലാം ചെയ്തപ്പോൾ, എനിക്കു തന്നെയാണ് ഇത് ചെയ്തത്" (മത്താ. 25:45) എന്ന കർതൃവചനം നമുക്കോർക്കാം. മദർ തെരേസ തന്റെ ജീവിതത്തിൽ നിന്നു സാക്ഷ്യപ്പെടുത്തുന്നു. "പാവങ്ങളെയും നിരാലംബരെയും സഹായിക്കാൻ ദൈവത്തിന്റെ സ്നേഹം എന്നെ നിർബന്ധിക്കുന്നു."

## 2. ലാസർ: ആത്മാവിൽ ദരിദ്രർ ഭാഗ്യവാൻമാർ

ഈ ഉപമയിലെ ഒരു പ്രത്യേകത ദരിദ്രനായ ലാസർ എന്നു ദൈവം പ്രത്യേകം പേരെടുത്തു പറയുന്നതാണ്. മറ്റ് ഉപമയിലൊ ന്നിൽ പോലും യേശു ആരുടെയും പേരെടുത്തു പരാമർശിക്കുന്നില്ല. ഒരു ധനവാനെന്ന് യേശു ഒരു വശത്തു വിളിക്കുമ്പോൾ വളരെ പ്രത്യേ കതയോടെ ഈ ദരിദ്രനു ലാസർ എന്നു പേരു നല്കുന്നു. ഇത് ആ

വ്യക്തിയുടെ സവിശേഷമായ വ്യക്തിത്വത്തിനുള്ള അംഗീകാരമായി വേണം മനസ്സിലാക്കാൻ. ലാസർ എന്ന ഹെബ്രായ പദത്തിന്റെ അർത്ഥം തന്നെ ദൈവത്തിൽ ആശ്രയിക്കുന്നവൻ എന്നാണ്. ലാസറിനെ ഇവിടെ പരമദരിദ്രനായിട്ടാണു ചിത്രീകരിക്കുന്നത്. എന്തെന്നാൽ, വചനം പറയുന്നു: വേദനയും ദാരിദ്ര്യവും ആജീവനാന്തം അവനു കൂട്ടായിരുന്നു (ലൂക്കാ. 16:21) ഈ ദാരുണമായ അവസ്ഥയിൽ പോലും ഒരിക്കലും അവൻ ദൈവത്തോടു മറുതലിക്കുന്നില്ല. നീതിമാനായ ജോബിനെയും കൃപാപൂർണ്ണയായ മറിയത്തെയും പോലെ, എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുന്നു. ഇവിടെ ലാസറിന്റെ ഭൗതികദാരിദ്ര്യത്തെക്കാളുപരി, ആത്മാവിന്റെ ലാളിത്യവും സമ്പൂർണ്ണ ദൈവാശ്രയബോധവുമാണ് നാം മാതൃകയാക്കേണ്ടത്. ഇതുതന്നെയാണ് ആത്മാവിന്റെ ദാരിദ്ര്യം (മത്താ. 5:3). ലാസറിനെ സ്വർഗ്ഗീയ സൗഭാഗ്യത്തിലേക്കു എത്തിച്ചേർത്തത് ഈ ആത്മീയ ദാരിദ്ര്യമാണ്. പ്രത്യാശയുടെ പ്രതീകമായ ലാസർ ആത്മാരൂപിയുടെ ദാരിദ്ര്യത്തിലൂടെ സ്വർഗ്ഗഭാഗ്യം എങ്ങനെ നേടാമെന്നു നമുക്കു കാണിച്ചു തരുന്നു. സ്വർഗ്ഗരാജ്യത്തിൽ ആയിരിക്കുമ്പോൾ പോലും ധനവാനെ മുൻവിധികളോടെ കാണാതെ ഒന്നും ഉരിയാടാതെ നില്ക്കുന്ന ലാസറിനെയാണു അബ്രഹാമിന്റെ മടിയിൽനാം കാണുന്നത്. സ്ലീബാക്കാലം ഇതുപോലെ ദൈവാശ്രയബോധത്തോടെ ജീവിക്കുവാനും എളിമയുള്ളവരായിരിക്കുവാനും നമ്മെ ആഹ്വാനം ചെയ്യുന്നു.

## ഉപസംഹാരം

ധനനാനും ലാസറും രണ്ടു കഥാപാത്രങ്ങൾ എന്നതിനേക്കാളുപരി, രണ്ടു മനോഭാവങ്ങളെയാണു സൂചിപ്പിക്കുന്നത്. ധനം അതിൽ തന്നെ ഒരു തിന്മയല്ല, പിന്നെയോ അതിനോടുള്ള നമ്മുടെ സമീപനമാണ് അതനെ നന്മയും തിന്മയുമാക്കി മാറ്റുന്നത്. യേശുവിന്റെ പഠിപ്പിക്കലുകൾ ഫരിസേയർക്കു ഗ്രഹിക്കുവാൻ സാധിക്കാതെ വന്നതിനു കാരണം തന്നെ അവരുടെ കണ്ണുകളെ ധനം അന്ധമാക്കി

യിരുന്നു എന്നതായിരുന്നു (ലൂക്കാ. 16:14). ഈ ഉപമ ഫരിസേയരെപ്പോലെ ഇത്തരത്തിലുള്ള മനോഭാവം വച്ചു പുലർത്തുന്നവരോടുള്ള ശക്തമായ താക്കീതാണ്. ധനം എന്നതു ശുശ്രൂഷിക്കാനുള്ള നമ്മുടെ സാധ്യതയായിട്ടു വേണം നാം കാണാൻ. ഇങ്ങനെ മറ്റുള്ളവരുടെ നന്മയ്ക്കായി നാം പ്രവർത്തിക്കുമ്പോൾ സ്വർഗ്ഗരാജ്യം നമുക്കു സ്വായത്തമാക്കാൻ സാധിക്കും. പരി. ഫ്രാൻസിസ് മാർപ്പാപ്പാ ഈ സന്ദേശം ഉൾക്കൊണ്ടു കൊണ്ടാണ് ഇപ്രകാരം പറഞ്ഞത്. “സഭയുടെ വിളി ദരിദ്രരൃയായിരിക്കുവാനും ദരിദ്രർക്കുവേണ്ടി ആയിരിക്കുവാനും ആണ്.”